കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൂടാളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ./കെ.എൻ.ആർ./സി.10/702/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,

ഫോൺ: 0497 2707698

ഇ-മെയിൽ: doknr.ksad@kerala.gov.in

തിയ്യതി 30.09.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം)

കുടാളി ഗ്രാമ പഞ്ചായത്ത് .

സർ,

വിഷയം: കുടാളി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

---------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)-ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം കുടാളി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽനിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം-1-ലെ 1-12, 1-14, 1-15, 1-16, 1-18, 1-19, 1-20, 1-23, 1-24 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1), 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1),(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പ്രതി

നം.കെ.എസ്.എ./കെ.എൻ.ആർ./സി.10/702/2020 തീയതിഃ 30.09.2020

# കണ്ണൂർ ജില്ലയിലെ കുടാളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

## ആമുഖം

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കണ്ണൂർ ജില്ലയിലെ കുടാളി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ഗ്രാമ പഞ്ചായത്ത് 24.09.2018 മുതൽ 05.07.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ ഓഡിറ്റ് പരാമർശങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ നേരിട്ട് ധരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ശശികുമാർ.എം പി ,<br>ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 06-07-2020 മുതൽ 17-07-2020 വരെ |

(ബി)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ. പ്രമോദ് കെ വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷഹീൻ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ആൽബർട്ട് ജോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(സി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.പി.പി.നൗഫൽ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.ഇബ്രാഹിം എൻ യു | 01.04.2018 മുതൽ 20.03.2019 വരെ |
| | ശ്രീമതി.ബിന്ദു പി എം<br>( സെക്ര. ഇൻ ചാർജ്) | 21.03.2019 മുതൽ 31.03.2019 വരെ |

(ഡി).നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.നീരജ സി ആര് | 01/04/18 മുതൽ 09/05/18 വരെ |

| | | |
|---|---|---|
| | ശ്രീമതി.ആശ ശശി | 10/05/18 മുതൽ 11/10/18 വരെ |
| | ശ്രീമതി.മന്ദമ്പേത്ത് രനിഷ ജയരാജൻ | 12/10/18 മുതൽ 07/03/19 വരെ |
| | ശ്രീമതി.സ്മിത കെ ഒ | 08/03/19 മുതൽ 31/03/19 വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി) | ശ്രീ.ഡോ സോനു ബി നായർ | 01/4/18 മുതൽ 31/03/19 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.രാമചന്ദ്രൻ എ | 01/4/18 മുതൽ 24/07/18 വരെ |
| | ഡോ.സുക്ഫാന ഷമീറ പി | 25/07/18 മുതൽ 01/10/18 വരെ |
| | ഡോ സോജ് | 02/10/18 മുതൽ 31/03/19 വരെ |
| മെഡിക്കൽ ഓഫീസർ , (ഹോമിയോ) | ഡോ സംഗീത ബാലകൃഷ്ണൻ. | 01/4/18 മുതൽ 31/3/19 വരെ |
| വെറ്റിനറി സർജൻ | ഡോ മഗേഷ് എസ് | 01/4/18 മുതൽ 31/3/19 വരെ |
| ഐസിഡിഎസ്.സൂപ്പർവൈസർ | ശ്രീമതി.ശോഭന പട്ടത്താരി | 01/4/18 മുതൽ 30/05/18 വരെ |
| | ശ്രീമതി.ഗീത കെ | 31/05/18 മുതൽ 31/3/19 വരെ |
| വി ഇ ഒ l | ശ്രീമതി.പ്രീജയ സി കെ | 01/4/18 മുതൽ 31/3/19 വരെ |
| വി ഇ ഒ ll | ശ്രീമതി.സുസ്മിത പി | 01/4/18 മുതൽ 14/12/18 വരെ |
| | ശ്രീ.നിരുപ് കുമാർ പി | 15/12/18 മുതൽ 31/3/19 വരെ |
| അസി സെക്രട്ടറി | ശ്രീമതി.ബിന്ദു പി എം | 01/4/18 മുതൽ 31/3/19 വരെ |
| അസി എഞ്ചിനീയർ | ശ്രീ.മനോഹരൻ മാണിക്കോത്ത് | 01/4/18 മുതൽ 31/5/18 വരെ |
| | ശ്രീ.വിപിൻ ഡേവി | 01/6/18 മുതൽ 21/6/18 |

| | | |
|---|---|---|
| | | വരെ |
| | ശ്രീ.ധർമ്മരാജൻ പി | 2/6/18 മുതൽ 31/3/19 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.പ്രസാദൻ കെ പി | 01/4/18 മുതൽ 31/3/19 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ബങ്കണപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റ്- വികസന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ ശ്രമിക്കേണ്ടതാണ് | 1-12 |
| 13 | പച്ചക്കറിവിത്ത് വിതരണം - വിതരണം ചെയ്യാത്ത വിത്തിന്റെ വില - 3072/- രൂപതടസ്സപ്പെടുത്തുന്നു. | 1-13 |
| 14 | ഹരിത കേരളം മിഷൻ - കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-14 |
| 15 | ലൈഫ്ഭവനപദ്ധതി - ഭവന നിർമ്മാണത്തിന് തയ്യാറാകാത്തവരിൽ നിന്ന് അഡ്വാൻസ് തുക തിരികെ ഈടാക്കേണ്ടതാണ് | 1-15 |
| 16 | ശമ്പള പരിഷ്കരണ കുടിശ്ശിക:- അധികമായി നൽകിയ 2,802/- രൂപ തിരികെ ഈടാക്കേണ്ടതാണ്. | 1-16 |
| 17 | ക്ഷാമബത്ത കുടിശ്ശിക രേഖകൾ ഹാജരാക്കിയില്ല. | 1-17 |

| | | |
|---|---|---|
| 18 | കുടിവെള്ളക്കരം അധികം ഒടുക്കിയത് ക്രമീകരിക്കേണ്ടതാണ്. . | 1-18 |
| 19 | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ - കെ.എസ്.ഇ.ബി എസ്റ്റിമേറ്റിൽ വ്യക്തതയില്ല. | 1-19 |
| 20 | ക്ഷേമപെൻഷൻ- മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കാത്തത് | 1-20 |
| 21 | പശുവളർത്തൽ (വിധവകൾക്ക്) – ആനുകൂല്യങ്ങൾ നൽകിയതിലെ അപാകങ്ങൾ | 1-21 |
| 22 | എം.ജി.എൻ.ആർ.ഇ.ജി.എസ്- വാങ്ങലുകളിൽ ഇ-ടെണ്ടർ വ്യവസ്ഥകൾ പാലിക്കുന്നില്ല | 1-22 |
| 23 | കുന്നമ്മൽ താഴെ കൾവർട്ട് നിർമ്മാണം - നടപടിക്രമങ്ങളിലെ വീഴ്ചകൾ. | 1-23 |
| 24 | ഓഡിറ്റ് ഇംപാക്ട് - മരാമത്ത് പ്രവൃത്തികൾ-കരാറുകാർക്ക് നൽകിയ അധിക തുക 63,774/-രൂപ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരിച്ചടച്ചു | 1-24 |
| | ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ(ചാർജ് ചെയ്യാവുന്നവ)-ഇല്ല | |
| | ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ (സർചാർജ് ചെയ്യാവുന്നവ)-ഇല്ല | |
| 25 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 27 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 31 | ഓഡിറ്റ് റിക്കവറി | 4-7 |
| 32 | സമാഹൃത റിപ്പോർട്ട് | 4-8 |
| 33 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 36 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| | | |

| | | |
|---|---|---|
| 37 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ് മെന്റ് | അനുബന്ധം-2-1 |
| 38 | ഇൻകം ആന്റ് എക്സ്പ്പെന്റീച്ചർ സ്റ്റേറ്റ് മെന്റ് | അനുബന്ധം-2-2 |
| 39 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് 31/03/2018ലെ 61/18 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 16/02/2019ലെ 24/19 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.അംഗീകരിച്ച ബജറ്റിന്റെ വിശദവിവരം ചുവടെ;

| | |
|---|---|
| മുന്നിരിപ്പ് | 3,63,15,800 |
| വരവ് | 22,25,13,360 |
| ആകെ | 25,88,29,160 |
| ചെലവ് | 25,36,45,223 |
| നീക്കിയിരിപ്പ് | 51,83,937 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2019 | 28.5.2019 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് &

# പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,15,32,279.68 |
| വരവ് | 7,33,21,480 |
| ആകെ | 9,48,53,759.68 |
| ചെലവ് | 6,10,0,7747 |
| നീക്കിയിരിപ്പ് | 3,38,46,012.68 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 17306000 | 17306000 | 16615120 | 690880 | 96 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1456000 | 1456000 | 1394830 | 61170 | 95.8 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 193000 | 193000 | 60000 | 133000 | 31.08 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8768000 | 8768000 | 7379768 | 1388232 | 84.17 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3616000 | 3616000 | 2219162 | 1396838 | 61.37 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 8032000 | 8032000 | 7598352 | 433648 | 94.60 |
| സാക്ഷരത | 120878 | 4835 | 125713 | - | 125713 | - |
| എസ്.എസ്.എ. | 1837 | 64 | 1901 | - | 1901 | - |
| ദുരിതാശ്വാസ നിധി | 82898 | 16949 | 99847 | 73000 | 26847 | 73.11 |
| എം.പി.ഫണ്ട് | 3630 | 128 | 3758 | - | 3758 | - |
| ബി-ഫണ്ട് | - | 52627118 | 52627118 | 52627118 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 1-ഐ.സി.ഡി.എസ് (അനുപൂരക പോഷകാഹാരം) | 733,772 | 987345 | 1721117 | 1002189 | 718928 | - |
| 2 എം ജി എൻ ആർ ഇ ജി എസ് | 1,670 | 28898978 | 28900648 | 28893985 | 6663 | 99.98 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 1ശുചിത്വ മിഷൻ | 1701458 | 1152612 | 2854070 | 233166 | 2620904 | - |
| 2 വിമുക്തി | 1700 | 25000 | 26700 | 0 | 26700 | - |

(1)ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള പദ്ധതിച്ചെലവുകൾക്കുള്ള എ സി ആർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ കൃത്യമായ വരവു ചെലവു കണക്കുകൾ ലഭ്യമല്ല. തൻവർഷം ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 1,18,67,084 രൂപ വരവുണ്ട്

(2)തനതു ഫണ്ട് അക്കൗണ്ടുകളിൽ വിവിധ കാലയളവുകളിൽ മറ്റു ഏജൻസികളിൽ നിന്ന് ലഭ്യമായ ഫണ്ടുകളും ഉൾപ്പെടുന്നുണ്ട്. അവയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ തനതു ഫണ്ട് അക്കൗണ്ടുമായി ബന്ധപ്പെട്ട വിവരങ്ങളും മേൽപട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-5 പദ്ധതി അവലോകനം.

1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 166 | 80734646 | 116 | 46372840 | 16 | 50 | 100 | 60.24 |

2.2018-19 വർഷത്തിൽതാഴെ കൊടുത്ത പ്രകാരം ജില്ല ആസൂത്രണ സമിതിയിൽ നിന്നും പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രോജക്ടുകളുടെ എണ്ണം | 166 |
| പുതിയ പ്രോജക്ടുകൾ | 120 |
| സ്പിൽ ഓവർ പ്രോജക്ടുകൾ | 46 |
| ആകെ അടങ്കൽ | 80734646 |
| | |

| | |
|---|---|
| പൊതു വിഭാഗം | 78494646 |
| പട്ടികജാതി വിഭാഗം | 2045000 |
| പട്ടികവർഗ്ഗ വിഭാഗം | 195000 |
| നൂതന പ്രോജക്ടുകൾ | 0 |

3.വാർഷിക പദ്ധതി നിർവ്വഹണം

2018-19 വർഷത്തെ വാർഷിക പദ്ധതികൾക്ക് ആകെ പദ്ധതി ചെലവിന്റെ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രകാരം ഇനം തിരിച്ചുള്ള വിശദവിവരം

| നിർവ്വഹണ ഉദ്യേഗസ്ഥൻ | പദ്ധതികളുടെഎണ്ണം | | | പദ്ധതി ചെലവ് | | |
|---|---|---|---|---|---|---|
| | അംഗീകാരം ലഭിച്ചവ | നടപ്പാക്കിയവ | ശതമാനം | അടങ്കൽ തുക | ചെലവായ തുക | ശതമാനം |
| സെക്രട്ടറി | 24 | 15 | 62.5 | 10952618 | 5417425 | 49.5 |
| കൃഷി ഓഫീസർ | 6 | 6 | 100 | 3593152 | 3488652 | 97.1 |
| വിഇഒ | 15 | 14 | 93.3 | 19872887 | 9948774 | 50.1 |
| വെറ്റിനറി സർജ്ജൻ | 9 | 8 | 88.8 | 4291250 | 3621583 | 84.4 |
| മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 6 | 3 | 50 | 1104448 | 717303 | 64.9 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർ വേദം) | 2 | 2 | 100 | 725000 | 625600 | 86.3 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 4 | 100 | 670000 | 425143 | 63.5 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 80 | 47 | 58.7 | 31590591 | 15945073 | 50.5 |
| ഐസിഡിഎസ് | 8 | 6 | 75 | 6487700 | 5143333 | 79.3 |

| | | | | | | |
|---|---|---|---|---|---|---|
| സൂപ്പർ വൈസർ | | | | | | |
| ഹെഡ് മാസ്റ്റർ | 11 | 10 | 90.9 | 1297000 | 889954 | 68.6 |
| ആകെ | 166 | 116 | | 80734646 | 46372840 | 57.4 |

4.പദ്ധതി നിർവ്വഹണം മേഖല തിരിച്ചുള്ള കണക്ക്

| ക്ര.ന | മേഖല | പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ തുക | ആകെ ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| 1 | പൊതുവിഭാഗം -ഉൽപ്പാദനം | 19 | 8721925 | 7557442 | 86.6 |
| 2 | പൊതുവിഭാഗം -സേവനം | 69 | 41451523 | 22094515 | 53.3 |
| 3 | പൊതുവിഭാഗം -പശ്ചാത്തലം | 65 | 28321198 | 15239628 | 53.8 |
| 4 | പട്ടികജാതി വിഭാഗം -സേവനം | 10 | 2045000 | 1421255 | 69.5 |
| 5 | പട്ടികജാതി വിഭാഗം-പശ്ചാത്തലം | 0 | 0 | 0 | 0 |
| 6 | പട്ടിക വർഗ്ഗ വിഭാഗം സേവനം | 3 | 195000 | 60000 | 30.8 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1670 | 544145 | 545815 | 539152 | 6663 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 28349840 | 28349840 | 28349840 | 0 |
| ആകെ | 1670 | 28893985 | 28895655 | 28888992 | 6663 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ .

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 148560 | 87 |
| കർഷകതൊഴിലാളി പെൻഷൻ | 8776700 | 710 |
| വിധവാപെൻഷൻ | 12334800 | 959 |
| വാർദ്ധക്യകാലപെൻഷൻ | 24727500 | 2003 |
| ശാരീരിക /മാനസീക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കുള്ള പെൻഷൻ | 4644900 | 333 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1606900 | 124 |
| വിവാഹധനസഹായം | 210000 | 7 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.7.2020 തീയതിയിൽ 12.05 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,522/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമെന്ന് രേഖകൾ വ്യക്തമാക്കുന്നു. ജീവനക്കാരുടെ പ്രതിമാസയോഗം ചേർന്ന് സെക്ഷനുകളുടെ ജോലിപുരോഗതി, പൊതുജനസേവനത്തിലെ കാര്യക്ഷമത, നികുതിപിരിവ് അവലോകനം,ഫ്രണ്ട് ഓഫീസ് പ്രവർത്തനം തുടങ്ങിയവ അവലോകനം ചെയ്ത് വരുന്നുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കൃത്യമായി മോണിറ്ററിംഗ് ചെയ്യേണ്ടതാണ്. വൗച്ചറുകൾ ചിട്ടയോടെ സൂക്ഷിക്കുന്നുണ്ട്. ലോഗ്ബുക്കിൽ പ്രതിമാസ സംക്ഷിപ്തം ഉൾപ്പെടെ വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/2/2020 | 1/2020 | 20/2/20 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21/04/2004 | 1997-98 മുതൽ 2003-04 വരെ | 20/07/2004 |

# 1-11 വാർഷിക കണക്കിലെ അപാകങ്ങൾ

1)2018-19 സാമ്പത്തിക വർഷത്തിലെ വസ്തു നികുതി പിരിവിലെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ സാംഖ്യയിലും, സഞ്ചയയിലും പൊരുത്തപ്പെടുന്നില്ല. 2017-18 വർഷത്തെ ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ വസ്തു നികുതിയിനത്തിൽ കാണിച്ചിരിക്കുന്ന കുടിശ്ശിക തുകയേക്കാൾ കൂടിയ തുക 2018-19ൽ കുടിശ്ശികയിനത്തിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്. 2018-19 വർഷത്തിൽ വസ്തുനികുതിയിനത്തിൽ ഡിമാന്റ് ചെയ്ത തുകയേക്കാൾ കൂടിയ തുക വസ്തുനികുതിയിനത്തിൽ തൻവർഷം പിരിവ് വന്നിട്ടുണ്ട്.

2)വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) സംബന്ധിച്ച് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

3)സ്ഥാപനം ഇഷ്യൂ ചെയ്ത കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്കുകൾ എന്ന ശീർഷകത്തിലേക്ക് മാറ്റിയെങ്കിലും ആയത് പരിഗണിച്ച് കണക്കുകൾ അനുരഞ്ജനം (റീകൺസിൽ) ചെയ്തിട്ടില്ല.

4)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രികയിലെ 1-14(c) എന്ന ശീർഷകത്തിൽ പദ്ധതി മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന മേഖലാ വിഭജന ത്തിൽ ഉൾപ്പെടാത്ത പദ്ധതി ചെലവുകളാണ് ഉൾപ്പെടുത്തേണ്ടതെന്നിരിക്കെ മേഖലാ വിഭജനത്തിൽ പെടുന്ന ശുചിത്വ കിണർ, ഗാർഹിക കുടിവെള്ള കണക്ഷൻ എന്നീ പദ്ധതികൾക്ക് ചെലവഴിച്ച തുകകൾ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രികയിലെ 1-14(c) എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയത് ക്രമപ്രകാരമുള്ള നടപടിയല്ല.

5)ആസ്തി രജിസ്റ്റർ കാലികമാക്കി എഴുതി സൂക്ഷിക്കാത്തതിനാൽ ആസ്തികളുടെ ഡിപ്രീസിയേഷൻ ചാർജ്ജ് ചെയ്ത് ആസ്തികളുടെ നിരക്ക്, മൂല്യം, കാലദൈർഘ്യം എന്നിവ പരിഗണിച്ച് നിയമാനുസൃതമായാണോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

6)സ്ഥിര നിക്ഷേപ രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

# 1-12 ബങ്കണപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റ്-

# വികസന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ ശ്രമിക്കേണ്ടതാണ്

ജനകീയാസൂത്രണ പദ്ധതിയിൽ 1997-98 കാലയളവിൽ കൂടാളി അംശം കാവുന്താഴ ദേശത്ത് സർവ്വെ നം. 1/4 ൽപ്പെട്ട 1.5 ഏക്കർ സ്ഥലം ഗ്രാമപഞ്ചായത്ത് മിനി വ്യവസായ കേന്ദ്രം നിർമ്മിക്കുന്നതിന് വാങ്ങിയിരുന്നു. ഈ സ്ഥലത്ത് 2004-05 കാലയളവിൽ കിണർ. വർക്ക് ഷെഡ്ഡ് എന്നിവ പണികഴിപ്പിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സ്ഥലത്ത് എത്തിപ്പെടുന്നതിനുള്ള റോഡ് സൗകര്യം ഏർപ്പെടുത്തുവാൻ സാധിക്കാത്തതിനാൽ വ്യവസായ എസ്റ്റേറ്റ് സംരംഭകർക്ക് ഏല്പിച്ചുകൊടുക്കുവാൻ നാളിതുവരെയായി സാധിച്ചിട്ടില്ല. അതുമൂലം വർഷങ്ങളായി ഈ സ്ഥലവും കെട്ടിടവും നിഷ്ക്രിയാസ്തിയായി കിടക്കുകയാണ്. തനത് ഫണ്ട് താരതമ്യേന കുറഞ്ഞ ഗ്രാമപഞ്ചായത്തിന് വരുമാനം ഉണ്ടാക്കുന്നതിന് സഹായകമായ ഒരു സംരംഭമായിട്ടും ഇതിൽ നിന്നും യാതൊരു വരുമാനവും നിലവിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല. പ്രസ്തുത സ്ഥലത്തേക്ക് റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് വർഷങ്ങളായി ശ്രമം നടക്കുന്നുണ്ടെങ്കിലും അതൊന്നും തന്നെ വിജയത്തിലെത്തിയിട്ടില്ല. റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായത്ര സ്ഥലം വിട്ടുനൽകുന്നതിന് വ്യവസായ എസ്റ്റേറ്റിന് സമീപമുള്ള ഭൂവുടമകൾ തയ്യാറാകാത്ത സാഹചര്യത്തിൽ റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ 20 സെന്റ് സ്ഥലം അക്വയർ നടപടികളിലൂടെ ഏറ്റെടുക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ഇതിനുള്ള അനുമതി സ.ഉ(സാധാ) നം. 1514/18 ത.സ്വ.ഭ.വ തീയതി 2-6-2018 പ്രകാരം ലഭിച്ചിട്ടുണ്ട്. ഈ ഉത്തരവ് അനുസരിച്ച് 2013 ലെ എൽ. എ. ആക്ട് അനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതിയാണ് ലഭിച്ചിട്ടുള്ളത്. അക്വസിഷൻ നടപടികളിലൂടെ റോഡ് നിർമ്മിച്ച് വർഷങ്ങളായി നിഷ്ക്രിയാസ്തിയായി കിടക്കുന്ന വ്യവസായ പാർക്ക് പ്രവർത്തനസജ്ജമാക്കുന്നതിനുമുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

പദ്ധതിരേഖ -ഖണ്ഡിക 7.4 (ചെറുകിടവ്യവസായങ്ങളും പരിശീലനവും), 7.4.1 (1) പ്രകാരം കാർഷികവികസനം, മൃഗ സംരക്ഷണം, ക്ഷീരവികസനം, മത്സ്യവികസനം എന്നീ മേഖലകളിലെ ഉത്പന്നങ്ങൾ മൂല്യവർദ്ധിതമായി രൂപാന്തരപ്പെടുത്തി അവയുടെ വിപണനം പ്രോത്സാഹിപ്പിക്കുന്ന ചെറുകിട വ്യവസായസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കണമെന്നും, ഖണ്ഡിക 7.47.4.1 (2) പ്രകാരം സംരംഭകത്വ വികസനത്തിൽ നൈപുണ്യവികസനം പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾ ആവിഷ്ക്കരിക്കണമെന്നും, ഖണ്ഡിക 7.47.4.1 (3) പ്രകാരം പരമ്പരാഗതവ്യവസായങ്ങൾ നവീനശാസ്ത്രസാങ്കേതിക ഉപാധികൾ ഉപയോഗിച്ച് ആധുനികവൽക്കരിക്കുന്ന ചെറുകിടവ്യവസായയൂണിറ്റുകൾ പ്രോത്സാഹിപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മാർഗ്ഗരേഖാനിർദ്ദേശങ്ങൾ പാലിച്ച വ്യാവസായികവികസനം സാധ്യമാക്കുവാൻ ആവശ്യമായ പദ്ധതി ഇടപെടലുകൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതുണ്ട്.

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിലെ കൂടാളി, പട്ടാന്നൂർ, കീഴല്ലൂർ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട പ്രദേശത്തു ഐഡിസെഡ് പദ്ധതി പ്രകാരം കിൻഫ്ര ഒരു വ്യവസായ പാർക്ക്

സ്ഥാപിക്കാൻ ഉദ്ദേശിച്ചുള്ള നടപടി ക്രമങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ട്. ജില്ലയുടെ വ്യാവസായിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസനം വർദ്ധിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ഇത് ജനങ്ങൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കും. ഇൻഡസ്ട്രിയൽ പാർക്ക് നിലവിൽ വരുന്നതോടു കൂടി കൂടുതൽ വ്യവസായ സാദ്ധ്യതകൾ ആണ് പഞ്ചായത്തിന് മുന്നിൽ തെളിഞ്ഞു വരുന്നത്. തനതു വരുമാന വർദ്ധനവിനോടൊപ്പം തൊഴിലില്ലായ്മയും പരിഹരിക്കുന്നതിനും വ്യാവസായിക വികസനം നേടുന്നതിനും ഇത് പഞ്ചായത്തിനെ പ്രാപ്തമാക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇവിടെ ബങ്കണപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റിന്റെ പ്രാധാന്യം വർദ്ധിക്കുന്നു. കാരണം കണ്ണൂർ അന്താരാഷ്ട്രവിമാനത്താവളത്തിന് സമീപം സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തിന് കാർഷികകയറ്റുമതിയിൽ അധിഷ്ഠിതമായ വ്യാവസായികവികസന സാധ്യതകൾ ഏറെയാണ്. ഗ്രാമപഞ്ചായത്ത് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും വ്യവസായ വകുപ്പിന്റെയും സഹകരണത്തോടു കൂടി വിശദമായ ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കേണ്ടതും അതിൽ ബങ്കണപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റിന്റെ പങ്കാളിത്തം ഉറപ്പിക്കുവാൻ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-13 പച്ചക്കറിവിത്ത് വിതരണം - വിതരണം ചെയ്യാത്ത വിത്തിന്റെ വില - 3072/- രൂപതടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ | |
| പ്രോജക്ട് നമ്പർ /പേര് | 105/19 , പച്ചക്കറി വിത്ത് വിതരണം | |
| ഇനം | അടങ്കൽ | ചെലവ് |
| വികസനഫണ്ട് | 9000 | 9000 |
| തനത് ഫണ്ട് | 152 | 152 |
| ആകെ | 9152 | 9152 |
| ബിൽ നം /തീയതി | 6/18-19//5-2-19 | |
| ചെക്ക് നം /തീയതി | 2669463//16-1-19 | |
| ബാങ്ക് അക്കൗണ്ട് ട്രാൻഫർ /തീയതി | SBIN0070179/5-2-19 | |
| ഇൻവോയ്സ് നം /തീയതി | SPP/PKD/1765//18-12-18 | |

കൂടാളി ഗ്രാമ പഞ്ചായത്തിലെ കർഷകർക്കും സ്കൂൾ കുട്ടികൾക്കും പച്ചക്കറി വിത്ത് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതാണ് പദ്ധതി. ഇതിന്റെ ഭാഗമായി മേൽ പ്പറഞ്ഞ പ്രകാരം തുക ചെലവഴിച്ച് താഴെ വിവരിക്കും പ്രകാരം 286 പാക്കറ്റ്പച്ചക്കറി വിത്തുകൾ 32രൂപ നിരക്കിൽ ആലത്തൂർ വിത്തു വിതരണ കേന്ദ്രത്തിൽ നിന്നും വാങ്ങിച്ചിട്ടുണ്ട്.

| പച്ചക്കറി വിത്ത് ഇനം | തൂക്കം (Kg) |
|---|---|
| ചീര | 0.860 |
| വെണ്ട | 2.570 |
| പാവൽ | 0.580 |
| പീച്ചിങ്ങ | 2.290 |
| പയർ | 2.290 |
| ആകെ | 8.590 |
| ആകെ പാക്കറ്റുകളുടെ എണ്ണം | 286 |

എന്നാൽ ലഭ്യമാക്കിയ വിതരണ രജിസ്റ്റർ (പേജ് 155-165 ) പരിശോധിച്ചതിൽ പച്ചക്കറി വിത്ത് വിതരണം താഴെപറയും പ്രകാരമാണ്.

| പച്ചക്കറി വിത്ത് ഇനം/ പാക്കറ്റ് | തൂക്കം |
|---|---|
| ചീര | 3 g @190 Pkt = 570 g |
| വെണ്ട | 8.98 @190 Pkt = 1706 g |
| പാവൽ | 2 g @190 Pkt = 380 g |
| പീച്ചിങ്ങ | 8 g @190 Pkt = 1520 g |
| പയർ | 8 g @190 Pkt = 1520 g |
| ആകെ | 5696 g (5.696 Kg) |
| വിതരണം ചെയ്ത പാക്കറ്റുകളുടെ എണ്ണം | 190 Pkt |
| ബാക്കി | 96 |

96 എണ്ണം പച്ചക്കറി വിത്ത് പാക്കറ്റ് വിതരണം ചെയ്തതായി വിശദീകരിക്കുന്ന ചെലവ് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് 15-07-2020-ന് നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയെങ്കിലും പ്രസ്തുത പച്ചക്കറി വിത്ത് പാക്കറ്റ് വിതരണം

ചെയ്തതായി വിശദീകരിക്കുന്ന രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ 3072/- രൂപയുടെ (96x32) ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ/വിശദീകരണം എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-14 ഹരിത കേരളം മിഷൻ - കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

2018-19 വർഷത്തിൽ കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളുടെ സംക്ഷിപ്തം താഴെപ്പറയുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ട് | ചെലവഴിച്ച തുക(രൂ) |
|---|---|---|---|
| 1. | 24/19 | നെൽ കൃഷി വിത്ത് കുമ്മായം കൂലി ചെലവ് | 1001500 |
| 2. | 47/19 | കേരം നിറഞ്ഞ കൂടാളി | 138000 |
| 3. | 45/19 | ഇടവിള കിറ്റ് വിതരണം | 2147000 |
| 4. | 94/19 | കുരുമുളക് ഗ്രാമം | 125000 |
| 5. | 105/19 | പച്ചക്കറി വിത്ത് വിതരണം | 9152 |
| 6. | 163/19 | പച്ചക്കറി കൃഷി കൂലി ചെലവ് സബ്സിഡി | 68000 |

ആകെ വകയിരുത്തിയ 3593152/-രൂപയിൽ 3488652/-രൂ ചെലവഴിച്ചിട്ടുണ്ട്. അതായത് 97% ശതമാനം ചെലവഴിക്കാൻ പഞ്ചായത്തിന് സാധിച്ചു. എന്നിരുന്നാലും പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗ നിർദേശങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു .

1.നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച മിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷന്റെ ഉപദൗത്യമാണ് കൃഷിയും ജലസംരക്ഷണവും. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേഖലാചുമതലകളിൽ വരുന്നുണ്ട്. ആയതിനാൽ ഹരിതകേരളം മിഷനിലൂടെ സർക്കാർ പ്രഖ്യാപിച്ച ലക്ഷ്യം കൈവരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുഖ്യപങ്ക് വഹിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ 29.1.2018 തീയ്യതി പുറപ്പെടുവിച്ച സ.ഉ.(കൈ)11/2018/ത.സ്വ.ഭ.വ. ഖണ്ഡിക നമ്പർ 7.1 പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്.

സുരക്ഷിതഭക്ഷ്യോല്പാദനം, കർഷകർക്ക് മാന്യമായ വരുമാനം ഉറപ്പാക്കൽ, വൻതോതിൽ തൊഴിൽ ലഭ്യമാക്കൽ, സാമ്പത്തിക വളർച്ചക്ക് ഗണ്യമായ സംഭാവന നല്കൽ എന്നിവ കാർഷിക മേഖലയിൽ ഹരിത കേരളം മിഷൻ ലക്ഷ്യമിടുന്നു. ബൃഹത്തായ ഈ മുന്നേറ്റങ്ങൾ

കൈവരിക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന ഉപോത്ബലക പ്രവർത്തനങ്ങളും ഹരിത മിഷൻ വിഭാവനം ചെയ്തിട്ടുണ്ട്.

- പച്ചക്കറിയിലും നെൽ, പഴവർഗ്ഗങ്ങളിലും സ്വയംപര്യാപ്തത നേടാനുതകുന്ന തരത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക.
- ഗാർഹിക കമ്പോസ്റ്റ് ഉപയോഗിച്ച് രാസവളങ്ങളുടേയും, കീടനാശിനികളുടേയും ഉപയോഗം കുറച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.
- തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്ക് വേണ്ടി ഉപയോഗപ്പെടുത്തുക. ഇക്കാര്യത്തിന് സ്വയംസഹായസംഘങ്ങളുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുക.
- പൊതുസ്ഥലങ്ങളിൽ വ്യാപകമായി കൃഷി ചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കുക. സ്ഥാപനങ്ങളിലെ പച്ചക്കറികൃഷി, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക .
- ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് വിപണനസംവിധാനം പരിഷ്കരിക്കുക
- ജലസ്രോതസ്സുകളുടെ ചുറ്റും മരങ്ങൾ വളർത്തുന്നതുൾപ്പടെ കാർഷികപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
- കൃഷി, മൃഗസംരക്ഷണം എന്നിവയെ പരസ്പര പൂരകങ്ങളായി ഏകോപിച്ചുകൊണ്ട് സംയോജിത കൃഷിരീതി.
- നെൽകൃഷിവിസ്തൃതി വർദ്ധിപ്പിക്കുക. കരനെൽകൃഷി പ്രോത്സാഹിപ്പിക്കുക.
- വ്യാപകമായ യന്ത്രവൽക്കരണം പ്രാവർത്തികമാക്കുക.
- നെല്ല്,തെങ്ങ്,പച്ചക്കറി,വാഴ,ചക്ക എന്നിവ പോലുള്ളവയിൽ നിന്നുള്ള മൂല്യവർദ്ധിതഉല്പന്നങ്ങളുടെ ഉല്പാദനം.

2018-19 വാർഷികപദ്ധതി പ്രയോജനപ്പെടുത്തി ഹരിതമിഷന്റെ മേല്പറഞ്ഞ വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നത് പരിപോഷിപ്പിക്കുമാറ് കാർഷിക പ്രോജക്ടുകൾ പഞ്ചായത്തിൽ തയ്യാറാക്കിയതായി കാണുന്നില്ല. സാധാരണയായി തയ്യാറാക്കി നടപ്പാക്കി വരുന്ന വിത്ത്/ തൈ/വളം സബ്സിഡി വിതരണ പ്രോജക്ടുകൾ അതേ രീതിയിൽ തന്നെ നടപ്പാക്കുകയാണ് ഈ വർഷവും ചെയ്തിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട കൊണ്ട് 15-07-2020 നൽകിയ 13ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

## 1-15 ലൈഫ്ഭവനപദ്ധതി - ഭവന നിർമ്മാണത്തിന് തയ്യാറാകാത്തവരിൽ നിന്ന് അഡ്വാൻസ് തുക തിരികെ ഈടാക്കേണ്ടതാണ്

നിർവ്വഹണം - VEO കുടാളി ഡിവഷൻ

പ്രോജക്ട് നം. 26/19 – ലൈഫ് ഭവന പദ്ധതി (ജനറൽ)

പ്രസ്തുത പ്രോജക്റ്റിൽ ചെക്ക് നമ്പർ 1168097/30-10-18 ന് ആദ്യ ഗഡു 40000/- രൂപ (ബ്ലോക്ക് വിഹിതം ) കൈപ്പറ്റിയ കുൽസുമ്മ എന്നവർ നാളിതുവരെയായും നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നാണ് 08/14.07.2020 ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. ഭവന നിർമ്മാണത്തിന് ഗുണഭോക്താവ് തയ്യാറാവാത്തപക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-16 ശമ്പള പരിഷ്കരണ കുടിശ്ശിക:- അധികമായി നൽകിയ 2,802/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

ജി.ഒ.(പി) 07/2016/ധന തീയതി 20-01-2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് മൂന്ന്, നാല് ഗഡു കുടിശ്ശികകൾ അനുവദിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

വൗച്ചർ നമ്പർ - 21800113/19-05-2018 142846/- (മൂന്നാം ഗഡു)

21800617/31-10-2018 197941/- (നാലാം ഗഡു)

1- ശ്രീമതി നിസി. എം സീനിയർ ക്ലാർക്ക്

അനുവദിച്ച തുക 10403/-(മൂന്നാം ഗഡു) 10035/- (നാലാം ഗഡു)

ജീവനക്കാരിയുടെ 01/2015 ൽ ആർജിതാവധി കുടിശ്ശിക കണക്കാക്കുമ്പോൾ അടിസ്ഥാന ശമ്പളം തെറ്റായി കാണിച്ചതിനാൽ അർഹതയുള്ളതിലും അധികം നല്കിയ തുകയുടെ വിശദവിവവരം ചുവടെ ചേർക്കുന്നു.

| അനുവദിച്ചത് | | | അനുവദിക്കാവുന്നത് | | | അധികം നല്കിയത് |
|---|---|---|---|---|---|---|
| Pay | DA | Total | Pay | DA | Total | |
| 29200 | 876 | 30076 | 27800 | 834 | 28634 | |
| 13900 | 11954 | 25854 | 13900 | 11954 | 25854 | |
| | | 4222 | | | 2780 | 1442 |

1442 രൂപയും ആയതിന്റെ പലിശയും ജീവനക്കാരിക്ക് അനുവദിച്ചിട്ടുണ്ട്. ആയത് പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

2-സനോജ് ടി.കെ സീനിയർ ക്ലാർക്ക്

അനുവദിച്ച തുക – 15913/-(മൂന്നാം ഗഡു) 15351/- (നാലാം ഗഡു)

ജീവനക്കാരന്റെ 12/2015 ലെ അക്വിറ്റൻസ് പ്രകാരം ജീവനക്കാരൻ 15380/- അടിസ്ഥാന ശമ്പളം വാങ്ങിയിട്ടുണ്ട്. എന്നാൽ ഡ്രോൺ ആയി 14980 മാത്രമാണ് കാണിച്ചത് ഇത് കാരണം താഴെ പറയും പ്രകാരം അധികം തുക നല്കിയിട്ടുണ്ട്.

| അനുവദിച്ചത് | | | അനുവദിക്കാവുന്നത് | | | അധികം നല്കിയത് |
|---|---|---|---|---|---|---|
| Pay | DA | Total | Pay | DA | Total | |
| 30700 | 1842 | 32542 | 30700 | 1842 | 32542 | |
| 14980 | 13872 | 28762 | 15380 | 14150 | 29530 | |
| | | 3870 | | | 3012 | 858 |

858 രൂപ പലിശ സഹിതമാണ് ജീവനക്കാരന് അനുവദിച്ചത്. ആയത് പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

3-സജു ടി.സീനിയർ ക്ലാർക്ക്

അനുവദിച്ച തുക – 12030/-(മൂന്നാം ഗഡു) 11605/- (നാലാം ഗഡു)

ജീവനക്കാരൻ 02/2015 ൽ ആർജിതാവധി സറണ്ടർ ചെയ്തതിൽ അക്വിറ്റൻസ് പ്രകാരം ജീവനക്കാരൻ 10480/- അടിസ്ഥാന ശമ്പളം വാങ്ങിയിട്ടുണ്ട്. (07-4-2015 ൽ അനുവദിച്ച കുടിശ്ശിക ഉൾപ്പടെ) എന്നാൽ ഡ്രോൺ ആയി 10210 മാത്രമാണ് കാണിച്ചത് ഇത് കാരണം താഴെ പറയും പ്രകാരം അധികം തുക നല്കിയിട്ടുണ്ട്.

| അനുവദിച്ചത് | | | അനുവദിക്കാവുന്നത് | | | അധികം നല്കിയത് |
|---|---|---|---|---|---|---|
| Pay | DA | Total | Pay | DA | Total | |
| 21100 | 633 (@3%) | 21733 | 21100 | 633 (@3%) | 21733 | |
| 10210 | 8781 (@86%) | 18991 | 10480 | 9013 (@86%) | 19493 | |
| | | 2742 | | | 2240 | 502 |

502രൂപ പലിശ സഹിതമാണ് ജീവനക്കാരന് അനുവദിച്ചത്. ആയത് പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (5/13-07-2020) കുടിശ്ശിക അധികം നല്കിയത് തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 1-17 ക്ഷാമബത്ത കുടിശ്ശിക രേഖകൾ

# ഹാജരാക്കിയില്ല.

വൗച്ചർ നമ്പർ 21800227/03-07-2018, 45763

ജി.ഒ(പി)84/2018/ധന തീയതി 07-06-2018 പ്രകാരം 07/2017 മുതൽ 05/2018വരെ ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. ജീവനക്കാർ കൂടാളി ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യാത്ത കാലയളവ് ഉൾപ്പെടെ കണക്കാക്കിയാണ് കുടിശ്ശിക അനുവദിച്ചത്. ജീവനക്കാർ മുന്നേ ജോലിചെയ്തിരുന്ന സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം , ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കാതെയാണ് കുടിശ്ശിക അനുവദിച്ചത് വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പേര് തസ്തിക | അക്വിറ്റൻസ് പ്രകാരം കൂടാളി പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|
| 1 | ശ്രീ.അബ്ദുൾ റസാക്ക് ക്ലാർക്ക് | 02-08-2017 |
| 2 | ശ്രീ. മധു ചെമ്മരാടത്ത് | 01-11-2017 |
| 3 | ശ്രീമതി. മനില എം എക്കൌണ്ടന്റ് | 26-10-2017 |

മേൽ ജീവനക്കാർ മുന്നേ ജോലിചെയ്തുരുന്ന സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം , ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 2/13-07-2020) രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് കുടിശ്ശിക വിതരണത്തിൽ ഇരട്ടിപ്പ് ഉണ്ടായിട്ടില്ലന്ന് ഉറപ്പ് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

# 1-18 കുടിവെള്ളക്കരം അധികം ഒടുക്കിയത് ക്രമീകരിക്കേണ്ടതാണ്..

വൗച്ചർ നമ്പർ 21800046/30-04-2018, 53813

ഗ്രാമപഞ്ചായത്തിൽ 2018 ഏപ്രിൽ മാസം 123 ടാപ്പുകൾക്ക് 53813/- രൂപയാണ് വെള്ളക്കരം ഒടുക്കിയത്. 07-11-17,08-11-17 എന്നീ തീയ്യതികളിൽ നടത്തിയ സംയുക്ത പരിശോധനാറിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തനക്ഷമമായിട്ടുള്ള ടാപ്പുകളുടെ എണ്ണം 110 ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഒരു ടാപ്പിന് പ്രതിവർഷം 5250 രൂപ കണക്കാക്കി 110 ടാപ്പുകൾക്ക് പ്രതിമാസം ഒടുക്കേണ്ടത് 48125 രൂപയാണ്. ഇത് കാരണം 5688/- രൂപ

(53813-48125) ഗ്രാമപഞ്ചായത്ത് അധികമായി ഒടുക്കിയിട്ടുണ്ട്. അധികം ഒടുക്കിയ തുക വാട്ടർ അതോറിറ്റിയിൽ നിന്നും പഞ്ചായത്തിന് തിരികെ ലഭിക്കുകയോ അടുത്ത ബില്ലിൽ ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (3/15-07-2020) മറുപടി നല്കിയിട്ടില്ല. അധികം നല്കിയ തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-19 തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ - കെ.എസ്.ഇ.ബി എസ്റ്റിമേറ്റിൽ വ്യക്തതയില്ല.

പ്രോജക്ട് നമ്പർ 04/2019 തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ - 22,95,724 ( 22,20,000 ധനകാര്യ കമ്മിഷൻ ഗ്രാന്റ് 75724 തനത് ഫണ്ട് )

ചെലവ് ബിൽ നമ്പർ 19/28-11-2018 17,99,000

ബിൽ നമ്പർ 22/26-12-2018 4,21,000

വൗച്ചർ നമ്പർ 21800806 /01-01-2019 12,000

വൗച്ചർ നമ്പർ 21800807/ 01-01-2019 55,724

ആകെ =22,87,724

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന്/ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ ചാലോട് നല്കിയ 3 എസ്റ്റിമേറ്റ കൾ പ്രകാരം 22,87,724 രൂപ കെ.എസ്. ഇ.ബിയിൽ ഒടുക്കിയിട്ടുണ്ട്.

No.DB/WD/CHD/18-19/115 തീയതി 22-11-2018 പ്രകാരം 17,99,000 രൂപയുടെ എസ്റ്റിമേറ്റിൽ 6,39,090/- (35.%)രൂപയും lumpsum provision for unforeseen items എന്ന ഇനത്തിലാണ് ഉൾപ്പെടുത്തിയത്. unforeseen item എന്ന ഇനത്തിൽ ഇത്രയും തുക ഉൾപ്പെടുത്തിയതിന് വിശദീകരണം നല്കുന്നതിനും പ്രവൃത്തിയുടെ അന്തിമ ബിൽ പരിശോധനക്ക് ലഭ്യമാക്കുന്നതിനും നല്കിയ ഓഡിറ്റ് അന്വഷണത്തിന് (06/13-07-20) മറുപടി ലഭ്യമാക്കിയിട്ടില്ല. മൂന്ന് പ്രവൃത്തികളുടേയും അന്തിമ ബിൽ ലഭ്യമാക്കേണ്ടതും അധികം തുക നല്കിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 ക്ഷേമപെൻഷൻ- മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കാത്തത്

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ, താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | ആധാർ നമ്പർ | പെൻഷനർ ഐ ഡി | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | കെ.പി.ബാലൻ നമ്പ്യാർ | 787357912865 | 111670100261 | 05-01-2019 | 07/19 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 2 | നാണി സി | 262344199253 | 111220100050 | 31-01-2019 | 07/19 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 3 | പി വി മാധവൻ നമ്പ്യാർ | 589132103611 | 111670200595 | 05-02-2019 | 07/19 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 4 | ജാനകി പി പി | 240839650519 | 111670100225 | 16-02-2018 | 03/18 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 5 | മമ്മദ് പി പി | 686213768311 | 111670201553 | 18-01-2018 | 07/19 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 6 | മായൻ ടി | 416656207024 | 111670200318 | 16-08-2018 | 11/18 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 7 | പി കെ രാമൻ | 743246629629 | 111670100673 | 22-05-2018 | 11/1 8 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 8 | അഹമ്മദ് കുട്ടി കെ | 967673867627 | 111670200572 | 20-04-2018 | 07/19 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 9 | വി കെ ശ്രീലത | 474058923239 | 111670600364 | 04-04-2018 | 07/19 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 10 | ഫാത്തിമ ടി കെ | 427887718137 | 111670201483 | 11-11-2018 | 04/19 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 11 | ബാലകൃഷ്ണൻ എം ആർ | 710793535978 | 111670200113 | 14-10-2018 | 11/18 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |

ഗ്രാമപഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് ഉറപ്പു വരുത്തേണ്ടതും അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തെ വിവരം അറിയിച്ച് യഥാസമയം പെൻഷൻ സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് അതാതു മാസം തന്നെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ്

മരണമടഞ്ഞ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിരുന്നിട്ടും ഡാറ്റാബേസിൽ നിന്നും യഥാസമയം ഒഴിവാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 5/ 15-07-2020 ) ക്രമനമ്പർ 2 നാണി സി ഇരിക്കൂർ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താവാണെന്നും ബാക്കിയുള്ളവരുടെ മരണ ശേഷം അനുവദിച്ച തുക ബാങ്കുകൾക്ക് കത്ത് നല്കി തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സ്വീകരിച്ച നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-21 പശുവളർത്തൽ (വിധവകൾക്ക്) – ആനുകൂല്യങ്ങൾ നൽകിയതിലെ അപാകങ്ങൾ

16/2019 പശുവളർത്തൽ (വിധവകൾക്ക്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

അടങ്കൽ - 9,00,000 ( 4,50,000 വികസന ഫണ്ട് പൊതുവിഭാഗം, 4,50,000 ഗുണഭോക്തൃവിഹിതം)

ചെലവ് ബിൽ നമ്പർ 01/22-11-2018 50,000

ബിൽ നമ്പർ 05/23-01-2019 1,75,000

ബിൽ നമ്പർ 06/23-01-2019 1,00,000

ബിൽ നമ്പർ 07/27-03-2019 1,25,000

ആകെ =4,50,000

പ്രോജക്ട് പ്രകാരം 18 പേർക്ക് പശുവിനെ വാങ്ങുന്നതിന് 25,000രൂപ വീതം ആനുവദിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ 28 പേരാണ് ഉൾപ്പെട്ടത്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട 11 പേർക്ക് മാത്രമാണ് സബ്സിഡി അനുവദിച്ചത്. പഞ്ചായത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച അന്തിമ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം അനുവദിച്ചവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | വാർഡ് നമ്പർ | റിമാർക്ക്സ് |
|---|---|---|---|
| 1 | സുബൈദ വി<br>വളപ്പിനകത്ത് സുബൈദ മൻസിൽ<br>തുമ്പോൽ ആഴിപ്പുഴ | VI | അപേക്ഷയില്ല. |
| 2 | ആസ്മ മാച്ചേരി<br>മാച്ചേരി ഹൌസ് ,<br>തുമ്പോൽ ആഴിപ്പുഴ | V | അപേക്ഷയില്ല. |
| 3 | മറിയുമ്മ മാച്ചേരി<br>കെ പി ഹൌസ്,<br>തുമ്പോൽ ആഴിപ്പുഴ | VI | അപേക്ഷയില്ല. |
| 4 | ആർ പി കുഞ്ഞാമിന<br>ഫാത്തിമ മൻസിൽ ആഴിപ്പുഴ | 1V | അപേക്ഷയില്ല. |
| 5 | ഒ.വി. ചന്ദ്രമതിയമ്മ,<br>കൊളപ്പ പട്ടാന്നൂർ | V | --- |
| | | | ------ |

| | | | |
|---|---|---|---|
| 6 | നബീസ കെ പി<br>ഫാത്തിമ മൻസിൽ ആഴിപ്പുഴ | V | |
| 7 | നസീമ ടിപി<br>താഴെപുരയിൽ ഹൌസ് കുരാരി | | അപേക്ഷയില്ല. |

പഞ്ചായത്ത് ഭരണസമിതിയും ഗ്രാമസഭയും പ്രസ്തുത ഗുണഭോക്താക്കളെ പിന്നീട് അംഗീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ആനുകൂല്യം ലഭിക്കാത്തവർ പശുവിനെ വേണ്ടെന്ന് അറിയിച്ചിട്ടില്ല.

2-പുതുതായി ആനുകൂല്യം അനുവദിച്ച പലരുടെയും അപേക്ഷ ഹാജരാക്കിയിട്ടില്ല.

3- പുതിയതായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന് വ്യാപകമായ പരസ്യം നല്കിയോയെന്ന് വ്യക്തമല്ല. ആകെ മൂന്ന് വാർഡുകളിൽ മാത്രമാണ് ആനുകൂല്യം അനുവദിച്ചത്.

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

# 1-22 എം.ജി.എൻ.ആർ.ഇ.ജി.എസ്- വാങ്ങലുകളിൽ ഇ-ടെണ്ടർ വ്യവസ്ഥകൾ പാലിക്കുന്നില്ല

താഴെ പറയുന്ന പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ 5 ലക്ഷത്തിന് മുകളിൽ മെറ്റീരിയൽസ് വാങ്ങിയതിന് കരാറുകാർക്ക്/ വ്യക്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട്. 5 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് ഇ-ടെണ്ടർ വേണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഇത കാരണം മത്സരസ്വഭാവമില്ലാതെ എല്ലാ വാങ്ങലുകൾക്കും എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിക്കുകയുമാണ് ചെയ്യുന്നത്.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | കോരാറമ്പ് വേശാല റോഡ്<br>കോൺക്രീറ്റ് ചെയ്ത് നവീകരിക്കൽ | 790887 |
| 2 | നിടുകുളം അടക്കാക്കളം റോഡ്<br>കോൺക്രീറ്റ് ചെയ്ത് നവീകരിക്കൽ | 727945 |
| 3 | കുനിയിൽ താഴെ ധ്യാന കേന്ദ്രം<br>എടവലത്ത് റോഡ് കോൺക്രീറ്റ് നിർമ്മാണം | 723357 |
| 4 | കൊടോളിപ്രം നീർത്തടത്തിലെ<br>കുന്നോത്ത് ശ്രീ കൃഷ്ണ ക്ഷേത്ര പരിസരത്ത് കുളം നിർമ്മാണം | 1068428 |

മഹാത്മാഗാന്ധി ദേശീയ തൊഴിൽ ഉറപ്പ് പദ്ധതിയിൽ സാധന സാമഗ്രികളുടെ വാങ്ങലും, സംഭരണവും, വിനിയോഗവും സുതാര്യവുമാക്കുന്നതിന് സ.ഉ.(കൈ)93/2012/തസ്വഭവ തീയതി 31.03.2012 നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 1-23 കുന്നുമ്മൽ താഴെ കൾവർട്ട് നിർമ്മാണം - നടപടിക്രമങ്ങളിലെ വീഴ്ചകൾ.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ.
പ്രോജക്ട് നമ്പർ പേര്- 135/2019

അടങ്കൽ തുക 6,50,000 ( ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

കരാർ തുക 6,46,862

പ്രവൃത്തി മൂല്യം - 6,44,585

എം ബുക്ക് നമ്പർ 1/2018-19

ബിൽ നമ്പർ - 22/26-09-2018

കരാറുകാരൻ - സജേഷ് വി

2017-18 വർഷം 82/2018 നമ്പറായി അംഗീകാരം നേടിയ പ്രസ്തുത പ്രോജക്ട്

ഈ- ടെണ്ടർ ക്ഷണിച്ചതിൽ മൂന്ന് കരാറുകാർ പങ്കെടുക്കുകയും ചുവടെ ചേർത്ത പ്രകാരം തുക ക്വാട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | കരാറുകാരന്റെ പേർ | ക്വാട്ട് ചെയ്ത തുക |
|---|---|---|
| 1 | ശശികുമാർ ടി പി | 558706 |
| 2 | കെ മുകുന്ദൻ | 561097 |
| 3 | ടി പ്രദീപ് | 608379 |

പ്രസ്തുത ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ (29-11-2017) ഗ്രാമ പഞ്ചായത്തിന്റെ 30-11-2017 ലെ 219/2017 (1) തീരുമാന പ്രകാരം കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശശികുമാർ ടി.പി യുടെ ടെണ്ടർ അംഗീകരിക്കുകയും 08-12-2017 ൽ സെലക്ഷൻ നോട്ടീസ് അയക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത വ്യക്തി എഗ്രിമെന്റ് വെക്കാത്തതിനാൽ അദ്ദേഹത്തെ ഒഴിവാക്കി പ്രവൃത്തി റീ-ടെണ്ടർ ചെയ്ത് 6,46,862 തുക ക്വാട്ട് ചെയ്ത ഏക ടെണ്ടറുകാരനായ ശ്രീ സജേഷ് വി എന്നയാളെ പ്രവൃത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുത്ത് 30-03-2018 ന് സെലക്ഷൻ നോട്ടീസ് നല്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>നിരതദ്രവ്യം കണ്ടുകെട്ടിയ വിവരം ലഭ്യമാക്കിയില്ല.</u>

GO(P)13/2012/PWD / 01-02-2012 കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസിന് ശേഷം കരാർ വെക്കാത്ത കരാറുകാരന്റെ കരാർ റദ്ദാക്കണമെന്നും ഇ.എം.ഡി കണ്ടുകെട്ടി ടെണ്ടർ നിബന്ധനകളിലെ മറ്റു നടപടികളും സ്വീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടിണ്ട്.

പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിന്റെ 14-02-2018 ലെ 25/18(1) തീരുമാന പ്രകാരം പ്രസ്തുത പ്രവൃത്തിയുടെയും പ്രോജക്ട് നമ്പർ 75/2018 കുന്നോത്ത് സ്കൂൾ വരുവകുണ്ട് റോഡ് സൈഡ് കെട്ടി സംരക്ഷണ പ്രവൃത്തിയുടെ നിരതദ്രവ്യം കണ്ടുകെട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നടപടി കൈക്കൊണ്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (16/16-07-2020) മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(2) <u>നടപടിക്രമങ്ങൾ പാലിക്കാത്തത് വഴി അധിക ബാദ്ധ്യത.</u>

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009(6) പ്രകാരം അംഗീകൃത കരാറുകാരന്റെ കരാർ റദ്ദ്ചെയ്യപ്പെടുന്ന സംഗതിയിൽ തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാർ ഏറ്റെടുക്കാമോയെന്ന് നെഗോഷിയേറ്റ് ചെയ്യണം. ഇത് സാധ്യമല്ലെങ്കിൽ മാത്രമേ റീ-ടെണ്ടർ ചെയ്യാവൂ. ആദ്യം ടെണ്ടർ ചെയ്ത മൂന്ന് കരാറുകാരുടെ നിരക്കിനേക്കാൾ കൂടിയ നിരക്കിലാണ് റീടെണ്ടർ ചെയ്തപ്പോൾ ലഭിച്ച നിരക്ക്. ആദ്യ ടെണ്ടറിലെ രണ്ടാം നമ്പർകാരന്റെ തുകയെക്കാൾ 85,765 രൂപ കൂടിയ നിരക്കിലാണ് റീടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. മാന്വൽ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചിരുന്നെങ്കിൽ ഇത്തരത്തിലുള്ള അധിക നിരക്ക് ഒഴിവാക്കാമായിരുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (16/16-07-2020) മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ ആവശ്യമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-24 ഓഡിറ്റ് ഇംപാക്ട് - മരാമത്ത് പ്രവൃത്തികൾ- കരാറുകാർക്ക് നൽകിയ അധിക തുക 63,774/-രൂപ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരിച്ചടച്ചു

ഓഡിറ്റ് വർഷത്തിൽ 4 റോഡ് റീ ടാറിംഗ് പ്രവൃത്തികൾക്ക് ടെണ്ടർ കുറവ് കണക്കിലെടുക്കാതെ തുക അനുവദിച്ചത് കാരണം കരാറുകാർക്ക് അധികമായി നൽകിയ 61,280/- രൂപയും ഒരു പ്രവൃത്തിയിൽ കരാർ ചമക്കാൻ കാലതാമസത്തിന് ഈടാക്കേണ്ടിയിരുന്ന പിഴയായ 1,994/- രൂപയും ഉൾപ്പെടെ 63,274/- രൂപ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ചുവടെ ചേർത്ത പ്രകാരം ഗ്രാമപഞ്ചായത്തിലേക്ക് തിരിച്ചടച്ചിട്ടുണ്ട്.

<u>പ്രവൃത്തിയുടെ പേര്:</u>

136/19ഃ കൊയ്യോടൻചാൽ – മുഴപ്പാല കനാൽറോഡ് റീ-ടാറിംഗ് & 137/19-ചെമ്പോട്ടിക്കരി റോഡ് ടാറിംഗ്

146/19ഃ മുട്ടന്നൂർ കണ്ണിത്താറ്റ് മൂല റോഡ് ടാറിംഗ്

140/19ഃ കോമ്പിമൂല തട്ടാങ്കണി റോഡ് കോൺക്രീറ്റിങ്

144/19ഃ വിഷ്ണുക്ഷേത്രം – കൊക്കൻ വയൽ റോഡ് ടാറിംഗ്

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഓഡിറ്റ് അന്വേഷണം | ഗ്രാമപഞ്ചായത്ത് രശീതി നം. | ഈടാക്കിയ തുക |
|---|---|---|---|---|
| 1 | 136/19, കൊയ്യുവൻ ചാൽ – മുഴപ്പാല കനാൽ റോഡ് റീടാറിംഗ് & 137/19 ചെമ്പോട്ടിക്കരി റോഡ് ടാറിംഗ് | 11/15-07-20 | 2105786/15-07-20 | 39,900/- |
| 2 | 146/19 – മുട്ടന്നൂർ കണ്ണിത്താറ്റുമൂല റോഡ് ടാറിംഗ് | 11/15-07-20 | 2105800/16-07-20 | 323/- |
| 3 | 140/19 – കോമ്പിമൂല തട്ടാങ്കണ്ണി റോഡ് കോൺക്രീറ്റ് | 11/15-07-20 | 2105798/16-07-20 | 21,057/- |
| 4 | 144/19 – വിഷ്ണുക്ഷേത്രം – കൊക്കാൽ വയൽ റോഡ് ടാറിംഗ് | 17/16-07-20 | 2105812/17-07-20 | 1,994/- |
| | | ആകെ | | 63,274/- |

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 08/07/2019മുതൽ 09-07-19 വരെ | നം. കെ.എസ്.എ/ കെ.എൻ.ആർ./ സി10/1317/2019 തീയ്യതി 14-08-2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സ്ഥാപനം | വർഷം | | | | |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 932400 | 26/19-ലൈഫ് ഭവനപദ്ധതി | 932400 | 0 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 87400 | 39/19- ഒന്നാം ക്ലാസ് ഒന്നാം തരം | 87400 | 0 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 60000 | 14/19-പാലിന് സബ്സിഡി | 60000 | 0 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 340000 | 24/19-നെല്ല് ഉല്പാദക ബോണസ് | 340000 | 0 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 155000 | 31/19-ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 155000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 628940 | 26/19 – ലൈഫ് ഭവനപദ്ധതി | 628940 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 540000 | 14/19- പാലിന് സബ്സിഡി | 540000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 50000 | 101/19- സുജലം | 50000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 137890 | 23/19-പാലിയേറ്റീവ് | 137890 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 28400 | 39/19-ഒന്നാം ക്ലാസ് ഒന്നാം തരം | 28400 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | പ്രോ.നം 4/19- | 21800781, 27/11/2018 | 1799000 | 1799000 | ഖണ്ഡിക 1-19 കാണുക |
| കെ എസ് ഇ ബി | പ്രോ.നം 4/19 | 21801009, 26/12/2018 | 421000 | 421000 | ഖണ്ഡിക 1-19 കാണുക |

| | | | | | |
|---|---|---|---|---|---|
| കെ എസ് ഇ ബി | പ്രോ.നം 4/19 | 21800806, 01/01/2019 | 12000 | 12000 | ഖണ്ഡിക 1-19 കാണുക |
| കെ എസ് ഇ ബി | പ്രോ.നം 4/19 | 21800807 01/01/2019 | 55724 | 55724 | ഖണ്ഡിക 1-19 കാണുക |
| ഭൂജല വകുപ്പ് | പ്രോ.നം 7/19- | 21800783, 04/12/2018 | 78000 | 34360 | 43640 24/10/19 തീയതിയിൽ തിരിച്ചടച്ചു. |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷംത്തെ വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം .

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം.തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി – ഹഡ്കോ ലോൺ | 68/2018/LSGD dt 18/5/18 & 111/2018/LSGD dt 13/8/18 | 5636553 | -- | 0 | 0 | 5636553 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 228793 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| | |

| | |
|---|---|
| ആകെ | 228793 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 228793 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | കാനറ ബാങ്ക് ,പട്ടാന്നൂർ | 14/02/2018 | 2 വർഷം | 228793 |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-2000 | 43 | 5000 | ഡോ.ഗുണാതീത, വെറ്ററിനറി സർജൻ | 118010108098, 25/01/2019 |

# 4-8 സമാഹൃത റിപ്പോർട്ട്

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | | 2012-13 | 3-3-6-8 | ആരോഗ്യ മേഖല വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല | |
| 2011-12 | -- | 2012-13 | 3-3-6-19 | പൊതുശൗചാലയം ജനങ്ങൾക്ക് തുറന്ന് കൊടുക്കാത്തത് | -- |
| 2014-15 | 2.2 | 2016-17 | 2.2 | തൊഴിൽ നികുതി | |

| | | | | | |
|---|---|---|---|---|---|
| | | | അനുബന്ധം 4 | | |
| 2015-16 | 2.6 | 2017-18 | 2.6 അനുബന്ധം 5(13) | നിർവ്വഹണ ഏജൻസിയുമായി നിയമാനുസൃത കരാർ ചമക്കൽ | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി സമർപ്പിച്ചതായി ഗ്രാമപഞ്ചായത്ത് അറിയിച്ചു |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹73321480 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹61007747 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹2802 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3072 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 2802 | ശ്രീ; എൻ.യു. ഇബ്രാഹിം, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 3072 | മന്ദമ്പേത്ത് രനിഷ ജയരാജൻ, കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്, ഉദ്യോഗപ്പേര് | ഔദ്യോഗിക വിലാസം | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) സ്ഥിര മേൽവിലാസം |
|---|---|---|
| എൻ യു ഇബ്രാഹിം, സെക്രട്ടറി | സെക്രട്ടറി, ഇരിക്കൂർ ഗ്രാമപഞ്ചായത്ത് | അറഫ മൻസിൽ, ചെങ്ങളായി |
| മന്ദമ്പേത്ത് രനിഷ ജയരാജൻ, കൃഷി ഓഫീസർ | അസി. പ്രഫസർ, കൃഷി വിജ്ഞാൻ കേന്ദ്രം, കരിമ്പം | രമണീയം, വെള്ളച്ചാൽ, ഇരിവേരി |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ./കെ.എൻ.ആർ/സി.10/757/19 തീ. 06.06.2019 | 1 |
| 2003-04 | കെ.എസ്.എ./കെ.എൻ.ആർ/സി.10/757/19 തീ. 06.06.2019 | 1 |
| 2004-05 | കെ.എസ്.എ./കെ.എൻ.ആർ/സി.10/757/19 തീ. 06.06.2019 | 2 |
| 2005-06 | കെ.എസ്.എ./കെ.എൻ.ആർ/സി.10/757/19 തീ. 06.06.2019 | 2 |
| 2007-08 | കെ.എസ്.എ./കെ.എൻ.ആർ/സി.10/757/19 | 1 |

| | | |
|---|---|---|
| | തീ. 06.06.2019 | |
| | | |
| 2008-09 | കെ.എസ്.എ./കെ.എൻ.ആർ/സി.10/757/19 തീ. 06.06.2019 | 5 |
| 2009-10 | കെ.എസ്.എ./കെ.എൻ.ആർ/സി.10/757/19 തീ. 06.06.2019 | 5 |
| 2010-11<br>2011-12 | കെ.എസ്.എ./കെ.എൻ.ആർ/സി.10/757/19 തീ. 06.06.2019 | 5 |
| 2012-13. | കെ.എസ്.എ.കെ.എൻ.ആർ-സി.28/18 തീ.06.04.2018 | 3 |
| 2013-14,<br>2014-15 | കെ.എസ്.എ./കെ.എൻ.ആർ/സി.10/757/19 തീ. 06.06.2019 | 3 |
| 2016-17 | കെ.എസ്.എ./കെ.എൻ.ആർ/സി.10/757/19 തീ. 06.06.2019 | 6 |
| 2017-18 | നം.കെ.എസ്.എ./കെ.എൻ.ആർ./ സി.10/1837/2018 തീയ്യതി 15.12.2018 | 25 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ./കെ.എൻ.ആർ./സി.10/702/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയതി: 30.09.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2018-19

സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Koodali Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 21364695.68 |
| Cash | Cash | RP-40(a) | 167584.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1504450.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1000.00 |
| 140000000 | Fees & User Charges | RP-4 | 658816.00 |
| 150000000 | Sale & Hire Charges | RP-5 | 198633.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 47670634.00 |
| 171000000 | Interest Earned | RP-9 | 887596.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6796702.00 |
| 350000000 | Other Liabilities | RP-36 | 335665.00 |
| | | | |

| | | | |
|---|---|---|---|
| | Non Operating | | |
| 180000000 | Other Income | RP-10 | 264592.00 |
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 16949.00 |
| 330000000 | Secured Loans | RP-32 | 5636553.00 |
| 340000000 | Deposits Received | RP-34 | 136079.00 |
| 350000000 | Other Liabilities | RP-36 | 334984.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8878827.00 |
| | Grand total | | 94853759.68 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3115904.00 |
| 220000000 | Administrative Expenses | RP-12 | 917549.00 |
| 230000000 | Operations & Maintenance | RP-13 | 1422288.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5559942.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 18602936.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 993456.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1192390.00 |
| | | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 536318.00 |
| 255000000 | Maintenance Projects | RP-20 | 6113545.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 500000.00 |
| 280000000 | Prior Period item | RP-26 | -108403.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1228537.00 |
| 350000000 | Other Liabilities | RP-36 | 5367071.00 |
| | Non Operating | | |
| 280000000 | Prior Period Item | RP-26 | -25990.00 |
| 311000000 | Earmarked Funds | RP-29 | 73000.00 |
| 340000000 | Deposits Received | RP-34 | 60154.00 |
| 350000000 | Other Liabilities | RP-36 | 2596316.00 |
| 410000000 | Fixed Assets | RP-38 | 9328615.00 |
| 412000000 | Capital work in Progress | RP-40 | 2310000.00 |

| | | | |
|---|---|---|---|
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 1224119.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 33726307.68 |
| Cash | Cash | RP-40(b) | 119705.00 |
| | Grand Total | | 94853759.68 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Koodali Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6697295.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 311610.00 |
| 140000000 | Fee & User Charges | I-4(b) | 921410.00 |
| 150000000 | Sale & Hire Charges | I-5(b) | 198633.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 133499677.00 |
| 171000000 | Interest Earned | I-8 | 887596.00 |
| 180000000 | Other Income | I-9 | 15725.00 |
| | Total Income | | 142531946.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11103661.00 |
| 220000000 | Administrative Expenses | I-11(b) | 917549.00 |
| 230000000 | Operations & Maintenance | I-12(b) | 1562981.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5559942.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 43560672.00 |
| 252000000 | Decentralised Plan Programme-Infrastructure | I-14(b) | 993456.00 |

| | | | |
|---|---|---|---|
| | Sector | | |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1192390.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 52627118.00 |
| 255000000 | Maintenance Projects | I-14(e) | 6113545.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 500000.00 |
| 270000000 | Provisions and Write off | I-16 | 25056.00 |
| 272000000 | Depreciation | I-17(a) | 9402299.00 |
| | Total Expenditure | | 133558669.00 |
| | Gross Surplus/ Deficit of income over Expenditure | | 8973277.00 |
| 280000000 | Prior Period Item | I-18 | 4388.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 8968889.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Koodali Grama Panchayat BALANCE SHEET | | | |
| As on 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 656844.63 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 26847.00 |
| 312000000 | Reserves | B-3 | 64281044.00 |
| | Total Reserve & Surplus | | 64964735.63 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3471737.00 |
| | Total Grants, Contributions for Specific Purposes | | 3471737.00 |
| | | | |

| | | | |
|---|---|---|---|
| | Loans | | |
| 330000000 | Secured Loans | B-5 | 5636553.00 |
| | Total Loans | | 5636553.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 808313.00 |
| 350000000 | Other Liabilities | B-9 | 1785563.70 |
| | Total Current Liabilities and Provisions | | 2593876.70 |
| | TOTAL LIABILITIES | | 76666902.33 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 86144375.00 |
| 411000000 | Accumulated Depreciation | B-11 | -49206419.00 |
| 412000000 | Capital Work in Progress | B-11(a) | 2310000.00 |
| | Total Fixed Assets | | 39247956.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 228793.00 |
| | Total Investments | | 228793.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 62178.65 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 33846012.68 |
| 460000000 | Loans, Advances and Deposits | B-18 | 3281962.00 |
| | | | |

| | |
|---|---|
| Total Current Assets, Loans and Advances | 37190153.33 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 76666902.33 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.